# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2237** — **15.07.2011- ൽ മറുപടിനൽകേണ്ടത്.**

## പാപ്പരായി പ്രഖ്യാപിക്കപ്പെട്ടവർ സാമ്പത്തികത്തട്ടിപ്പ് നടത്തുന്നത് തടയുവാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി കെ.കെ.ലതിക** | | **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ, റവന്യൂ വകുപ്പുമന്ത്രി** | |
| (എ) | സംസ്ഥാനത്ത് പാപ്പരായി പ്രഖ്യാപിക്കപ്പെട്ടവരുടെ പേരുവിവരം പ്രത്യേകം രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുകയും പൊതുജനങ്ങളുട ശ്രദ്ധയ്ക്കായി ആയത് പരസ്യപ്പെടുത്തുകയും ചെയ്തുവരുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | ഒരു വ്യക്തിയെ പാപ്പരായി പ്രഖ്യാപിക്കുന്നത് സംസ്ഥാനത്തെ കോടതികളാണ്. ആയത് പൊതുജനങ്ങളുടെ ശ്രദ്ധയ്ക്കായി പരസ്യപ്പെടുത്തുന്നതായി അറിയില്ല. |
| (ബി) | ഇല്ലെങ്കിൽ പാപ്പരായി പ്രഖ്യാപിക്കപ്പെട്ടവർ ഏതെങ്കിലും വിധത്തിലുള്ള സാമ്പത്തികത്തട്ടിപ്പുകൾ നടത്തുന്നത് തടയുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | പരിശോധിച്ചുവരുന്നു. |
| (സി) | ഒരിക്കൽ പാപ്പരായി പ്രഖ്യാപിക്കപ്പെട്ടയാൾ, സോൾവെന്റ് ആയി പ്രഖ്യാപിക്കപ്പെടാൻ നിയമപ്രകാരം എന്തെല്ലാം നടപടികൾ പൂർത്തീകരിക്കണം എന്ന് വ്യക്തമാക്കുമോ? | (സി) | കോടതിയിൽ കേസ് ഫയൽ ചെയ്ത് നടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ